**പതിമൂന്നാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1928 07.12.2015-ലെ മറുപടിക്ക്**

**"ഇ-പേയ്മെന്റ് സംവിധാനം"**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. അച്ചുതൻ,<br>ശ്രീ. പാലോട് രവി,<br>ശ്രീ. എം.എ. വാഹിദ്,<br>ശ്രീ. പി. സി. വിഷ്ണുനാഥ്. | | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) | |
| (എ) | വാണിജ്യ നികുതി വകുപ്പിൽ ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ; | (എ) | 2009 ജനുവരി മാസം മുതൽ വാണിജ്യ നികുതി വകുപ്പിൽ ഇ-പേയ്മെന്റ് സംവിധാനം നിലവിലുണ്ട്. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | ഇ-പേയ്മെന്റ് സംവിധാനത്തിലൂടെ നിർണ്ണയിയ്ക്കപ്പെട്ടിട്ടുള്ള നികുതി വ്യാപാരി തന്നെ വ്യാപാരിയുടെ ഓൺലൈൻ ബാങ്ക് അക്കൗണ്ടിൽ നിന്നും സർക്കാരിലേയ്ക്ക് ഉടനടി ഒടുക്കാൻ സാധിക്കുന്നു. അവർക്ക് ഇതിനായി ഓഫീസിൽ വരേണ്ട സാഹചര്യം ഒഴിവായി. കൂടാതെ സർക്കാരിന് ലഭിക്കേണ്ട നികുതി കാലതാമസം കൂടാതെ കൃത്യസമയത്ത് തന്നെ ലഭ്യമാകുന്നു. ആയതുമൂലം ഓഫീസുകളിൽ നികുതി അടവുമായി ബന്ധപ്പെട്ടിട്ടുള്ള വ്യാപാരികളിൽ നിന്നും ചെക്ക്, ഡി.ഡി മുതലായ മാർഗ്ഗങ്ങളിലൂടെയുള്ള നികുതി അടവിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കാൻ സാധിച്ചിട്ടുണ്ട്. കൂടാതെ ട്രഷറിയും അക്കൗണ്ടന്റ് ജനറൽ ഓഫീസുമായിട്ടുള്ള റീകൺസിലിയേഷൻ നടപടികളിലെ കാലതാമസവും ഒഴിവാക്കാൻ സാധിച്ചിട്ടുണ്ട്. ആയതിനാൽ ഇതു വ്യാപാരിക്കും സർക്കാരിനും ഒരേപോലെ പ്രയോജന പ്രദമാണ്. |
| (സി) | പ്രസ്തുത സംവിധാനം നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) | ഇത് നടപ്പിലാക്കാൻ വാറ്റ് നിയമത്തിലും കേരള ഫിനാൻഷ്യൽ കോഡിലും ആവശ്യമായ ഭേദഗതികൾ വരുത്തിയിട്ടുണ്ട്. ഇതോടൊപ്പം ഇ-പേയ്മെന്റിന് ആവശ്യമായിട്ടുള്ള ഇലക്ട്രോണിക് നടപടിക്രമങ്ങൾ സർക്കാരിന്റെ ഇ-ഗവേണൻസ് സോഫ്റ്റ് വെയറും ബാങ്കുകളുടെ ഓൺലൈൻ സംവിധാനവുമായി ബന്ധിപ്പിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ചെറുകിട |

| | | | |
|---|---|---|---|
| | | | വ്യാപാരികൾക്ക് റിട്ടേൺ ഫയൽ ചെയ്യാനും On-line Payment നടത്താനും അക്ഷയ കേന്ദ്രങ്ങളുടെ സഹായം പ്രയോജനപ്പെടുത്താനുള്ള സംവിധാനവുമുണ്ട്. ഇതിന്റെ ചെലവ് സർക്കാരാണ് വഹിക്കുന്നത്. |

**സെക്ഷൻ ഓഫീസർ.**